# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1699

08.06.2018 - ൽ
മറുപടിയ്ക്ക്

### കാർഷിക സർവകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഒൻപതാം ശമ്പള പരിഷ്കരണത്തിൽ കാർഷിക സർവകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ അന്യായമായി റദ്ദ്ചെയ്തതിനെതിരെ കോടതിയെ സമീപിച്ച ജീവനക്കാർക്ക് അനുകൂലമായ വിധി ലഭിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും വിധി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | എ) ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർത്തലാക്കിയ കാർഷിക സർവകലാശാലയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രമോഷൻ തസ്തികകൾ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ നിലനിർത്തി കാർഷിക സർവകലാശാല തീരുമാനം എടുക്കുകയുണ്ടായി. അതിനുശേഷം സർക്കാർ അനുമതിക്കായി കാർഷിക സർവ്വകലാശാല സമർപ്പിച്ച ratification പ്രപ്പോസൽ ധനകാര്യ വകുപ്പുമായി ചേർന്നു പരിശോധിച്ചുവരുന്നു. |
| ബി) ആനുകൂല്യങ്ങൾ ലഭിക്കാൻ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർ ബഹു. കോടതിയിൽ നിന്നും അനുകൂല ഉത്തരവ് വാങ്ങേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) ഉണ്ട്. മതിയായ ഫണ്ടിന്റെ അഭാവം മൂലമാണ് ആനുകൂല്യങ്ങൾ നല്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ